

സർക്കാർ ശമ്പളം വാങ്ങുന്നവർ രാഷ്ട്രീയ പ്രവർത്തകരാകേണ്ട

തിരുവനന്തപുരം: സർക്കാർ ശമ്പളം വാങ്ങുന്നവർ രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനം നടത്തേണ്ടെന്ന് മന്ത്രി എ.കെ.ബാലൻ പറഞ്ഞു. ഉദ്യോഗസ്ഥർക്ക് അവരുടെ സംഘടനകളിലൂടെ ജനാധിപത്യപരമായി പ്രവർത്തിക്കാം. രാഷ്ട്രീയം പറയാം. പക്ഷേ, രാഷ്ട്രീയപാർട്ടികളിലുള്ളവരെ പോലെ പ്രവർത്തിക്കാൻ പാടില്ല. അതിന് വേറെ ആളുകളുണ്ടെന്നും ഇതു സംബന്ധിച്ച മാദ്ധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു. പൊലീസ് അസോസിയേഷനിൽ രാഷ്ട്രീയം നിറയുന്ന എന്ന വിവാദത്തിനിടെയാണ് മന്ത്രിയുടെ ഈ നിലപാട്.

കേന്ദ്ര പെൻഷന് ആധാർ നിർബന്ധമല്ല

ന്യൂഡൽഹി: കേന്ദ്ര സർക്കാരിൽ നിന്ന് വിരമിച്ചവർക്ക് പെൻഷൻ ലഭിക്കാൻ ആധാർ നിർബന്ധമല്ലെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കി. പെൻഷൻകാർക്ക് ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കാനുള്ള സാങ്കേതിക മാർഗമായിരുന്നു ആധാർ. ആധാറും ബാങ്ക് അക്കൗണ്ടുകളും ബന്ധിപ്പിക്കാത്തതിനാൽ പെൻഷൻ ലഭിക്കാൻ ബുദ്ധിമുട്ട് നേരിടുന്നു. ഈ സാഹചര്യത്തിലാണ് പെൻഷന് ആധാർ നിർബന്ധമല്ലെന്ന തീരുമാനമെന്ന് പഴ്സണൽ വകുപ്പ് മന്ത്രി ജിതേന്ദ്ര സിംഗ് അറിയിച്ചു.

ചവിട്ടിക്കൊല: എസ്.ഐ ദീപക്കിന്റെ റിമാൻഡ് നീട്ടി

കൊച്ചി: വരാപ്പുഴ ചവിട്ടിക്കൊല കേസിൽ എസ്.ഐ ദീപക്കിന്റെ റിമാൻഡ് ഈ മാസം 30 വരെ പറവൂർ ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി നീട്ടി. അറസ്റ്റിലായ ആർ.ടി.എഫുകാരും ജയിലിലാണ്. കഴിഞ്ഞ ദിവസം ആലുവ റൂറൽ എസ്.പി. യായിരുന്ന എ.വി. ജോർജിനെ വീണ്ടും ചോദ്യം ചെയ്തിരുന്നു. എസ്.പിയുടെ നിർദ്ദേശപ്രകാരമാണ് ശ്രീജിത്തിനെ കസ്റ്റഡിയിൽ എടുത്തതെന്ന പൊലീസുകാരുടെ മൊഴിയുടെ അടിസ്ഥാനത്തിലാണിത്.

എൽ.എൻ.ജി ടെർമിനൽ: ആനയറയിൽ 1.78 ഏക്കർ

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സിയുടെ ദ്രവീകൃത പ്രകൃതി വാതകം (എൽ.എൻ.ജി) ടെർമിനൽ സ്ഥാപിക്കുന്നതിന് ആനയറയിൽ 1.78 ഏക്കർ ഭൂമി കെ.എസ്.ആർ.ടി.സിക്ക് കൈമാറാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയാണ് കൈമാറുന്നത്. എൽ.എൻ.ജി നിറയ്ക്കാനുള്ള സംവിധാനമില്ലാത്തതിനാൽ തിരുവനന്തപുരത്തുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി ബസ് കൊച്ചിയിലേക്ക് കൊണ്ടുപോയിരുന്നു. ടെർമിനൽ സ്ഥാപിക്കാൻ ഭൂമി നൽകണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി ഏറെ നാളായി സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരികയായിരുന്നു. ടെർമിനൽ സ്ഥാപിക്കുന്നതോടെ കൂടുതൽ എൽ.എൻ.ജി ബസുകൾക്ക് തിരുവനന്തപുരത്ത് സർവീസ് നടത്താനാകുമെന്നാണ് പ്രതീക്ഷ.

സ്കൂൾ കലാ, കായിക മേളകൾ നേരത്തേ

തിരുവനന്തപുരം: സ്കൂൾ കലാ, കായിക, ശാസ്ത്രമേളകൾ നേരത്തേയാക്കാൻ വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചു. എല്ലാ വർഷവും ഡിസംബറിന് മുമ്പ് തീർക്കാനാണ് തീരുമാനം. ജനുവരി, ഫെബ്രുവരി മാർച്ച് മാസങ്ങളിലെ പരീക്ഷകൾക്ക് തടസമുണ്ടാകാതിരിക്കാനാണ് മേളകൾ നേരത്തേയാക്കുന്നത്. അടുത്ത സ്കൂൾ കലാമേള ഡിസംബർ അഞ്ച് മുതൽ ഒമ്പത് വരെ ആലപ്പുഴയിൽ നടക്കും.

അസ്താന കേന്ദ്ര സർവീസിലേക്ക്

തിരുവനന്തപുരം: വിജിലൻസ് ഡയറക്ടർ എൻ.സി അസ്താന കേന്ദ്ര സർവീസിലേക്ക് പോകുന്നു. ബി.എസ്.എഫ് എ.ഡി.ജി.പി ആയിട്ടാണ് നിയമനം. ഇത് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ ഉത്തരവ് സംസ്ഥാന സർക്കാരിന് ലഭിച്ചു.

കേരള ടൂറിസം ഫേസ്ബുക്ക് പേജിന് മികച്ച റാങ്കിംഗ്

തിരുവനന്തപുരം : ടൂറിസം മേഖലയിൽ ഏറ്റവും മികച്ച ഫേസ്ബുക്ക് പേജ് എന്ന നേട്ടം കേരള ടൂറിസം കരസ്ഥമാക്കി. സംസ്ഥാനങ്ങളുടെ ടൂറിസം ബോർഡുകളുടെ പട്ടികയിൽ 15 ലക്ഷം ലൈക്കുകളോടെ ഒന്നാമതെത്തുകയായിരുന്നു. 2017 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ വിനോദ സഞ്ചാരികളുമായുള്ള ഇടപെടലുകളും പേജിനു ലഭിച്ച ലൈക്കുകളും കമന്റുകളും ഷെയറുകളും കണക്കിലെടുത്താണ് റാങ്കിംഗ് നിശ്ചയിച്ചത്. രണ്ടാം സ്ഥാനത്ത് ജമ്മു കാശ്മീർ ടൂറിസം വകുപ്പും മൂന്നാം സ്ഥാനത്ത് ഗുജറാത്ത് ടൂറിസവുമാണ്. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേരള ടൂറിസം ഡയറക്ടർ പി. ബാലകിരൺ അവാർഡ് ഏറ്റുവാങ്ങി.

മന്ത്രിസഭാ വാർഷികത്തിന് യു.ഡി.എഫ് വഞ്ചനാദിനം ആചരിക്കും

തിരുവനന്തപുരം : എൽ.ഡി.എഫ്. സർക്കാർ രണ്ടാം വർഷികാഘോഷങ്ങൾ തുടങ്ങുന്ന നാളെ 140 നിയോജകമണ്ഡലങ്ങളിലും യു.ഡി.എഫ്. നിയോജകമണ്ഡലം കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ വഞ്ചനാദിനം ആചരിക്കുമെന്ന് കൺവീനർ പി.പി. തങ്കച്ചൻ അറിയിച്ചു. ഓരോ നിയോജകമണ്ഡലങ്ങളിലും ഏതെങ്കിലും ഒരു സർക്കാർ ഓഫീസിനു മുന്നിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ സർക്കാരിനെതിരായ കുറ്റപത്രം വായിക്കും.

ജൈവ എഥനോൾ പെട്രോളിൽ കലർത്താം; 4,000 കോടി ലാഭം

ന്യൂഡൽഹി: ചീഞ്ഞ പച്ചക്കറി, ഭക്ഷ്യ ധാന്യം മുതലായവയിൽ നിന്നുണ്ടാകുന്ന എഥനോൾ പെട്രോളുമായി കലർത്താൻ അനുമതി നൽകുന്ന ദേശീയ ജൈവ ഇന്ധന നയത്തിന് (ബയോ ഫ്യൂവൽ പോളിസി) കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

നിലവിൽ കരിമ്പിൽ നിന്നുള്ള എഥനോൾ മാത്രമാണ് പെട്രോളിൽ കലർത്തുന്നത്. പുതിയ തീരുമാനം വഴി പ്രതിവർഷം 4,000 കോടി രൂപയുടെ ലാഭമുണ്ടാകുമെന്ന് കേന്ദ്ര സർക്കാർ പത്രക്കുറിപ്പിൽ അറിയിച്ചു. ഒരു കോടി ലിറ്റർ ജൈവ എഥനോൾ പെട്രോളിൽ കലർത്തുമ്പോൾ 28കോടി രൂപയുടെ വിദേശ നാണ്യം ലഭിക്കാം.

കരിമ്പിൻ ചണ്ടി, മധുരക്കിഴങ്ങ്, മധുരച്ചോളം, കാച്ചിൽ, ചോളം, ചീത്തയായ ഗോതമ്പ്, പൊടിയരി, ചീഞ്ഞ ഉരുളക്കിഴങ്ങ് എന്നിവയിൽ നിന്ന് എഥനോൾ വ്യാവസായികമായി ഉത്പാദിപ്പിക്കാം. ഇതു വഴി കർഷകർക്ക് വിളകൾക്ക് വില ലഭിക്കുന്നതിനൊപ്പം അധികവിളകൾ കെട്ടിക്കിടന്ന് നശിക്കുന്നത് ഒഴിവാക്കാം. വയലുകളിൽ വിളകൾക്ക് തീയിടുന്നത് ഇല്ലാതാകുന്നതോടെ പരിസ്ഥിതി മലിനീകരണത്തിനും പരിഹാരമാകും. ഹോട്ടലുകളിലും മറ്റും പൊരിക്കാൻ ഉപയോഗിക്കുന്ന എണ്ണ ബയോഡീസലിന് ഫീഡ്സ്റ്റോക്ക് ആയി ഉപയോഗിക്കാനുള്ള അനുമതിയുമുണ്ട്.

എഥനോൾ നിർമ്മാണ യൂണിറ്റുകൾക്ക് സർക്കാർ ആറു വർഷം 5,000 കോടി രൂപ വയബിലിറ്റി ഗ്യാപ് ഫണ്ടും നികുതി ഇളവുകളും വിപണി സൗകര്യവും ഒരുക്കും. പ്രതിദിനം 100 കിലോലിറ്റർ ജൈവ ഇന്ധനം ഉത്പാദിപ്പിക്കുന്ന ഒരു യൂണിറ്റിന് തുടക്കത്തിൽ 800 കോടി രൂപയാണ് ചെലവ് കണക്കാക്കുന്നത്.

ജൈവ എഥനോൾ

- **അടിസ്ഥാന ഇന്ധനം (1ജി വിഭാഗം):** കരിമ്പിൻ ചണ്ടി, ഭക്ഷ്യയോഗ്യമല്ലാത്ത എണ്ണക്കുരുക്കൾ എന്നിവയിൽ നിന്ന്
- **2 ജി വിഭാഗം:** മുനിസിപ്പൽ ഖരമാലിന്യങ്ങളിൽ നിന്ന്
- **3ജി വിഭാഗം:** ബയോ സി.എൻ.ജി ഇന്ധനങ്ങൾ

1 കോടി ലിറ്റർ ജൈവ എഥനോൾ + പെട്രോൾ = 28കോടിയുടെ വിദേശ നാണ്യം

എസ്.എൻ.ഡി.പി യോഗം കുമാരി സംഗമം 29ന് തൃശൂരിൽ

തിരുവനന്തപുരം : ചതിക്കുഴികളിൽ നിന്ന് പെൺകുട്ടികളെ കരുതലോടെ കാക്കാനും കരുത്തുറ്റവരാക്കാനും എസ്.എൻ.ഡി.പി യോഗം ''കുമാരി സംഘം '' കൂട്ടായ്മയ്ക്ക് വേദിയൊരുക്കുന്നു.

പെൺമക്കൾ അരുതായ്മയുടെ മേച്ചിൽപ്പുറങ്ങളിലേക്ക് ചേക്കാതിരിക്കാൻ യോഗം കേന്ദ്ര വനിതാ സംഘമാണ് ഈ ദൗത്യം ഏറ്റെടുക്കുന്നത്. അനീതിക്കെതിരെ പ്രതികരിക്കാനും അരുതായ്മകളെ പ്രതിരോധിക്കാനും ഇച്ഛാശക്തിയും ജ്ഞാനശക്തിയും നേടിയെടുക്കാനുമാണ് കുമാരി സംഘം ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായുള്ള പോഷക സംഘടന തൃശൂർ തേക്കിൻകാട് മൈതാനത്ത് 29ന് വൈകിട്ട് 3ന് യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട യൂണിയനുകളിൽ പ്രവർത്തന സജ്ജമായ കുമാരി സംഘങ്ങളുടെ നൃത്തശില്പവും അരങ്ങേറും.

യോഗം കേന്ദ്ര വനിതാ സംഘം പ്രസിഡന്റ് കെ.പി. കൃഷ്ണകുമാരിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ യോഗം ഡയറക്ടർ പ്രീതി നടേശൻ ഭദ്രദീപം കൊളുത്തും. മന്ത്രി വി. എസ്. സുനിൽകുമാർ കാർഷിക വിത്ത് വിതരണം നിർവഹിക്കും. സിവിൽ സർവീസ് പരീക്ഷയിൽ 16-ാം റാങ്ക് നേടിയ ശിഖാ സുരേന്ദ്രനെ യോഗം പ്രസിഡന്റ് ഡോ. എം.എൻ. സോമൻ ആദരിക്കും.

നൃത്തശില്പത്തിൽ പങ്കെടുക്കുന്ന കുമാരിമാർക്ക് സി.പി.എം സംസ്ഥാന സമിതി അംഗം ഗോപി കോട്ടമുറിക്കൽ സമ്മാനദാനം നിർവഹിക്കും. തീം സോംഗ് അവതരണവും ലോഗോ പ്രകാശനവും നടക്കും. യോഗം അസി. സെക്രട്ടറിമാർ, ഇൻസ്പെക്ടിംഗ് ഓഫീസർമാർ, കേന്ദ്ര പോഷക സംഘടനാ ഭാരവാഹികൾ, യൂണിയൻ നേതാക്കൾ, വനിതാസംഘം - കുമാരി സംഘം പ്രവർത്തകർ തുടങ്ങിയവർ പങ്കെടുക്കുമെന്ന് എസ്.എൻ.ഡി.പി യോഗം കേന്ദ്ര വനിതാ സംഘം സെക്രട്ടറി അഡ്വ. സംഗീത വിശ്വനാഥൻ അറിയിച്ചു.

പുതിയ തൊഴിൽ നയത്തിന് അംഗീകാരം

ചെയ്യാത്ത ജോലിക്ക് കൂലിയില്ല; മിന്നൽ പണിമുടക്ക് ഒഴിവാക്കണം

തിരുവനന്തപുരം: ചെയ്യാത്ത ജോലിക്ക് കൂലിവാങ്ങുന്നത് അവസാനിപ്പിക്കുമെന്നും, മിന്നൽ പണിമുടക്കുകൾ നിരുത്സാഹപ്പെടുത്തുമെന്നും പ്രഖ്യാപിച്ച് സംസ്ഥാന സർക്കാരിന്റെ പുതിയ തൊഴിൽ നയം.

തൊഴിൽമേഖലകളിലെ അനാരോഗ്യ പ്രവണതകൾക്കെതിരെ കർശന നടപടി സ്വീകരിക്കും. ഇതുൾപ്പെടെ കേരളത്തെ തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ ലക്ഷ്യമിടുന്ന നയം ഇന്നലെ ചേർന്ന മന്ത്രിസഭായോഗം അംഗീകരിച്ചു.

■ തൊഴിൽ തർക്കങ്ങൾ പരമാവധി ഒഴിവാക്കും. നല്ല തൊഴിലാളി-തൊഴിലുടമ ബന്ധം ഉറപ്പാക്കും.

■ ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കും.

■ ഗാർഹിക തൊഴിലാളികളുടെ ജോലിക്കും സംരക്ഷണത്തിനുമായി പ്രത്യേക ലേബർ ബാങ്ക് രൂപീകരിക്കും.

■ കടകളിലും മറ്റ് വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്താൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഇടപെടും.

■ സ്ത്രീതൊഴിലാളികൾക്ക് നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ഉറപ്പ് വരുത്തും.

മിനിമം വേതനം 600 രൂപയാക്കും

എൽ.ഡി.എഫ് സർക്കാരിന്റെ പുതിയ തൊഴിൽ നയത്തിന്റെ ഭാഗമായി എല്ലാ തൊഴിൽ മേഖലകളിലും മിനിമം വേതനം 600 രൂപയായി നിശ്ചയിക്കാൻ നടപടിയെടുക്കുമെന്ന് തൊഴിൽ മന്ത്രി ടി.പി. രാമകൃഷ്ണൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

തൊഴിൽ മേഖലയിൽ മികവ് പുലർത്തുന്നവർക്ക് തൊഴിലാളി ശ്രേഷ്ഠ അവാർഡ് ഏർപ്പെടുത്തും. ലിംഗസമത്വം ഉറപ്പാക്കി സ്ത്രീതൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കും. പ്രസവാനുകൂല്യങ്ങളും തൊഴിലിടങ്ങളിൽ കുഞ്ഞുങ്ങൾക്ക് മുലയൂട്ടാനുള്ള സൗകര്യവും ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

- ■ തൊഴിലിടങ്ങളിൽ ഇരിപ്പിട സൗകര്യം
- ■ ബാലവേല ഇല്ലാതാക്കും
- ■ ഗാർഹികതൊഴിലാളികൾക്ക് പ്രത്യേക ലേബർ ബാങ്ക്
- ■ തോട്ടം തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ
- ■ കിഫ്ബി സഹായത്തോടെ ഏവിയേഷൻ അക്കാഡമി

നിയമസഭാ സമ്മേളനം ജൂൺ നാല് മുതൽ

തിരുവനന്തപുരം: ഇപ്പോഴുള്ള ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ പാസാക്കുന്നതിനും മറ്റുമായി നിയമസഭാ സമ്മേളനം ജൂൺ 4 മുതൽ വിളിച്ചു ചേർക്കാൻ ഗവർണറോട് ശുപാർശ ചെയ്യാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. 21 വരെ സമ്മേളനം നീളും.

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പരിഗണിക്കാനാവാതെ കാലാവധി അവസാനിച്ച 13 ഓർഡിനൻസുകൾ പുനർവിജ്ഞാപനം ചെയ്തിരുന്നു. നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്യുള്ള ഈ ഓർഡിനൻസുകൾക്ക് പുറമേ, മന്ത്രിസഭായോഗം അംഗീകരിച്ച പുതിയ ബില്ലുകളും സമ്മേളനം പരിഗണിച്ചേക്കും.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി ബിൽ, കേരള ഹൈക്കോടതി നിയമ ഭേദഗതി, കേരള അബ്കാരി നിയമ ഭേദഗതി, തിരുവിതാംകൂർ- കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ നിയമ ഭേദഗതി, ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയമ ഭേദഗതി, സംസ്കൃത സർവകലാശാലാ നിയമ ഭേദഗതി, കോഴിക്കോട് സർവകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താത്കാലിക ബദൽ ക്രമീകരണം) നിയമ ഭേദഗതി, കേരള സർവകലാശാലാ നിയമ ഭേദഗതി, കേരള പഞ്ചായത്ത്‌രാജ് നിയമ ഭേദഗതി, കേരള മുനിസിപ്പാലിറ്റി നിയമ ഭേദഗതി, കേരള ജലസേചനവും ജലസംരക്ഷണവും നിയമ ഭേദഗതി, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലാ നിയമ ഭേദഗതി, കേരള പബ്ലിക് സർവീസ് കമ്മിഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) നിയമ ഭേദഗതി ബിൽ തുടങ്ങിയവയാണ് നിയമസഭാ സമ്മേളനം പരിഗണിക്കാൻ സാദ്ധ്യതയുള്ള ബില്ലുകൾ. ഇവയിൽ ഏതൊക്കെ ബില്ലുകൾ അവതരിപ്പിക്കണമെന്നതിൽ അന്തിമ തീരുമാനം എടുക്കേണ്ടത് നിയമസഭയുടെ കാര്യോപദേശക സമിതിയാണ്.

ആംബുലൻസിലെ ഓക്സിജൻ തീർന്നു: ഇടിമിന്നലേറ്റയാൾ അരമണിക്കൂർ പെരുവഴിയിൽ

തൊടുപുഴ: ആംബുലൻസിലെ ഓക്സിജൻ തീർന്നതിനെ തുടർന്ന് അത്യാസന്ന നിലയിലുള്ള രോഗി അരമണിക്കൂറോളം പെരുവഴിയിലായി. തൊടുപുഴ ഏഴുമുട്ടം തെക്കേടത്ത് സോമസുന്ദരൻ (58) ഭാര്യ ലെസ്സി (45) എന്നിവർക്ക് ചൊവ്വാഴ്ച വൈകിട്ട് ആറിന് ശക്തമായ ഇടിമിന്നലിൽ പരിക്ക് പറ്റിയിരുന്നു. തുടർന്ന് സോമസുന്ദരത്തിനെയും ലെസ്സിയെയും മുതലക്കോടത്തുള്ള സ്വകാര്യ ആശുപത്രിയിൽ എത്തിക്കുകയും ലെസ്സിയെ അവിടെ അഡ്മിറ്റ് ആക്കുകയും ചെയ്തു. സോമസുന്ദരത്തിന്റെ അവസ്ഥ അതീവഗുരുതരമായിരുന്നതിനാൽ അവിടത്തെ ആംബുലൻസിൽ അമൃതാ ആശുപത്രിയിലേക്ക് കൊണ്ടുപോയി. എന്നാൽ തൃപ്പൂണിത്തുറയിൽ എത്തിയപ്പോഴേക്കും ആംബുലൻസിലെ ഓക്സിജൻ തീരാറായ വിവരം ആംബുലൻസിലുണ്ടായിരുന്ന സോമസുന്ദരത്തിന്റെ ബന്ധുവായ നഴ്സ് ആംബുലൻസിലെ ജീവനക്കാരെ അറിയിച്ചു. ഇതേത്തുടർന്ന് തൃപ്പൂണിത്തുറയിലുള്ള മൂന്ന് സ്വകാര്യ ആശുപത്രികളിൽ ഓക്സിജൻ സിലിണ്ടറിനായി അന്വേഷിച്ചെങ്കിലും അരമണിക്കൂറിന് ശേഷമാണ് ലഭിച്ചത്. ഓക്സിജൻ സിലിണ്ടർ ലഭിക്കുന്നത് വരെ സോമസുന്ദരം ആംബുലൻസിൽ ഗുരുതരാവസ്ഥയിൽ കിടക്കുകയായിരുന്നു. ഇന്നലെ വൈകിട്ട് വരെ സോമസുന്ദരൻ മരുന്നുകളോട് പ്രതികരിച്ചില്ല. ആരോഗ്യനില ഗുരുതരമായി തുടരുകയാണെന്ന് ഇദ്ദേഹത്തിന്റെ ബന്ധുക്കൾ പറഞ്ഞു. സംഭവത്തോട് ആശുപത്രി അധികൃതർ പ്രതികരിച്ചിട്ടില്ല.

സോളാർ റിപ്പോർട്ട്: സർക്കാർ എ.ജിയുടെ നിയമോപദേശം തേടി

തുടർ നടപടി മന്ത്രിസഭയിൽ ചർച്ചയ്ക്ക് ശേഷം

തിരുവനന്തപുരം: സോളാർ കമ്മിഷൻ റിപ്പോർട്ടിൽ നിന്ന് സരിതയുടെ കത്തും അനുബന്ധ ശുപാർശകളും ഹൈക്കോടതി നീക്കിയ സാഹചര്യത്തിൽ, സർക്കാർ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടി. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത മന്ത്രിസഭായോഗം തുടർ നടപടികൾ തീരുമാനിക്കും.

ഹൈക്കോടതി നീക്കം ചെയ്ത ഭാഗങ്ങൾ ഒഴിവാക്കി തുടർ നടപടികളുമായി മുന്നോട്ട് പോകാനാണ് സർക്കാർ ആലോചന. സരിതയുടെ കത്ത് ഒഴിവാക്കിയതോടെ ലൈംഗിക ആരോപണങ്ങൾക്ക് പ്രസക്തിയില്ലാതായി. ഇനി അഴിമതി ആരോപണത്തിൽ മാത്രമേ തുടർ നടപടികൾക്ക് സാദ്ധ്യതയുള്ളൂ. ഉമ്മൻ ചാണ്ടിക്കെതിരെ നേരിട്ടുള്ള തെളിവുകളും ഇല്ലാതായി. സോളാർ തട്ടിപ്പിന് ആവശ്യമായ സഹായം മുഖ്യമന്ത്രിയെന്ന നിലയിൽ ഉമ്മൻ ചാണ്ടി നൽകിയെന്നായിരുന്നു ആരോപണം. ഇതിലിപ്പോൾ സാഹചര്യത്തെളിവ് മാത്രമാണുള്ളത്. എന്നാൽ, മുൻ വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദിനെതിരെ തെളിവുണ്ടെന്നാണ് സർക്കാർ വാദം. ഉമ്മൻചാണ്ടിയെ രക്ഷിക്കാൻ മുൻ ആഭ്യന്തര മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പൊലീസ് ഉദ്യോഗസ്ഥർ മുഖേന ശ്രമിച്ചെന്ന സോളാർ റിപ്പോർട്ടിലെ പരാമർശവും നീക്കിയിട്ടില്ല.

ഹൈക്കോടതി വിധിയിന്മേൽ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നൽകാമെങ്കിലും കത്തിന്റെ കാര്യത്തിൽ വേണ്ടെന്നാണ് പൊതുവേയുള്ള തീരുമാനം. എന്നാൽ, സരിത മുഖ്യമന്ത്രി പിണറായി വിജയന് നൽകിയ പരാതി സംസ്ഥാന പൊലീസ് മേധാവിക്ക് കൈമാറിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടി വേണോയെന്ന തീരുമാനിക്കേണ്ടത് പൊലീസാണ്. പൊലീസ് പരാതിക്കാരിയുടെ മൊഴിയെടുക്കണം. സരിത പലപ്പോഴായി മൊഴി മാറ്റിയിട്ടുള്ളതും പ്രശ്നമാണ്. സോളാർ റിപ്പോർട്ടിലെ ആരോപണങ്ങൾ അന്വേഷിക്കാൻ സർക്കാർ നിയോഗിച്ച ഡി.ജി.പി രാജേഷ് ദിവാൻ കഴിഞ്ഞ മാസം സർവീസിൽ നിന്ന് വിരമിച്ചിരുന്നു. ആരോപണങ്ങൾക്ക് കാര്യമായ തെളിവില്ലാതിരുന്നതിനാൽ അന്വേഷണത്തിന് അദ്ദേഹം തയ്യാറായിരുന്നില്ല. സംഘാംഗമായ ഐ.ജി ദിനേന്ദ്ര കശ്യപിനാണ് ഇപ്പോൾ അന്വേഷണ ചുമതല.

ജീവനക്കാരുമായി ഇന്ന് മുഖ്യമന്ത്രിയുടെ ചർച്ച

തിരുവനന്തപുരം: ഭരണ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ജീവനക്കാരുടെ അംഗീകൃത സംഘടനാ പ്രതിനിധികളുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ചർച്ച നടത്തും. രാവിലെ 10.30 ന് തൈക്കാട് ഗസ്റ്റ് ഹൗസിലാണ് യോഗം. ഭരണം എങ്ങനെ മെച്ചപ്പെടുത്താമെന്ന് മുഖ്യമന്ത്രി ജീവനക്കാരിൽ നിന്ന് അഭിപ്രായം തേടും. കഴിഞ്ഞ രണ്ട് വർഷത്തിനിടെ നടപ്പിലാക്കിയ പദ്ധതികളുടെ ഗുണം ജനങ്ങളിലേക്കെത്തിയോ എന്ന് യോഗം വിലയിരുത്തും. ഭരണ പ്രതിപക്ഷ സംഘടനകളിൽ പെട്ടവർ പങ്കെടുക്കും. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ ജീവനക്കാരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകളും ചർച്ച ചെയ്യും. പാളിച്ചകൾ ചൂണ്ടിക്കാട്ടുമെന്ന് പ്രതിപക്ഷ സംഘടനകൾ അറിയിച്ചു.

രണ്ട് ലക്ഷം രൂപ തേടി മൂന്ന് അവകാശികൾ !

രേഖകൾ ഹാജരാക്കാൻ കെ.എസ്.ആർ.ടി.സി അധികൃതർ

സുരേഷ് തോട്ടപ്പള്ളി

ആലപ്പുഴ: അർദ്ധരാത്രി കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനിൽ കണ്ട കടലാസ് പൊതിയിൽ നിന്ന് ലഭിച്ച രണ്ട് ലക്ഷം രൂപയ്ക്ക് അവകാശികളായി മൂന്ന് പേർ എത്തി. ആലപ്പുഴ ജില്ലയിൽ നിന്ന് ഒരു സ്ത്രീ ഉൾപ്പെടെ രണ്ടുപേരും ഹിന്ദി സംസാരിക്കുന്ന ഇതര സംസ്ഥാനക്കാരനുമാണ് ഇന്നലെ അധികൃതർക്ക് മുന്നിൽ എത്തിയത്. ഇതിൽ സ്ത്രീ രേഖാമൂലം അവകാശം ഉന്നയിച്ചില്ല. മറ്റ് രണ്ടുപേരും പണപ്പൊതി തങ്ങളുടേതെന്ന് അവകാശപ്പെട്ട് ഡി. ടി. ഒയ്ക്ക് അപേക്ഷ നൽകി. കഴിഞ്ഞ ഞായറാഴ്ച പുലർച്ചെ 2.30നാണ് ഡ്യൂട്ടി ഗാർഡ് യേശുദാസ് ഫെർണാണ്ടസിന് പണപ്പൊതി ലഭിച്ചത്. ഉടമസ്ഥൻ ഇല്ലാത്തതിനാൽ പണം സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുണ്ട്. പണപ്പൊതി ലഭിച്ച ഭാഗത്ത് നിന്ന് പിറ്റേന്ന് രാവിലെ ഒരു മൊബൈൽ ഫോൺ യാത്രക്കാരന് ലഭിച്ചിരുന്നു. ഇതും ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

കായംകുളത്ത് നിന്ന് ബസിൽ ആലപ്പുഴയിൽ എത്തുകയും എറണാകുളത്തിന് പോവാൻ ബസ് കാത്തിരിക്കുന്നതിനിടെ ഇരിപ്പിടത്തിൽ ഉറങ്ങി. ഉണർന്നപ്പോൾ ആദ്യം കണ്ട ബസിൽ ഓടി കയറി യാത്ര തുടർന്നെന്നാണ് ഹിന്ദി സംസാരിക്കുന്ന ആളിന്റെ വാദം. പണത്തിനൊപ്പം ഇയാളുടെ മൊബൈൽ ഫോണും നഷ്ടപ്പെട്ടതായി അപേക്ഷയിൽ പറയുന്നുണ്ട്. ഭാഷ വശമില്ലാത്തതിനാലാണ് പരാതി നല്കാൻ വൈകിയതെന്ന് ഇയാൾ ബോധിപ്പിച്ചു. മലയാളിയായ ഒരു സ്വർണവ്യാപാരിയോടൊപ്പമാണ് പരാതി നല്കാൻ എത്തിയത്. പൊലീസിന് പരാതികൾ നൽകിയ ശേഷം ബന്ധപ്പെട്ട രേഖകൾ സഹിതം 21ന് രാവിലെ ഓഫീസിൽ എത്താൻ പരാതിക്കാരോട് ആവശ്യപ്പെട്ടതായി ഡി.ടി.ഒ രാജീവ് പറഞ്ഞു.

ടെൻഡറില്ലാതെ കോടികളുടെ പണി; നിയമങ്ങൾക്ക് പുല്ലുവില

കെ.പി.കൈലാസ്‌നാഥ്

തിരുവനന്തപുരം: സംസ്ഥാന സർക്കാർ എംപാനൽ ചെയ്ത അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തി നൽകാൻ സർക്കാർ തന്നെ നിയമം ലംഘിക്കുന്നു. ടെൻഡറില്ലാതെ ഒരു സർക്കാർ പ്രവൃത്തിക്കും കരാർ നൽകരുതെന്നാണ് കേന്ദ്ര വിജിലൻസ് കമ്മിഷൻ നിബന്ധന. ഇത് ലംഘിച്ച് കരാർ നൽകിയതിനെതിരെ ഒരു വിഭാഗം കരാറുകാർ കോടതിയെ സമീപിച്ചിരുന്നു. അക്രഡിറ്റ് ചെയ്ത കമ്പനികളിൽ നിന്ന് ടെൻഡർ ക്ഷണിച്ചശേഷം മാത്രം പ്രവൃത്തി നൽകാനാണ് ഹൈക്കോടതി നിർദ്ദേശിച്ചത്. ഇത് വകവയ്ക്കാതെ പലയിടത്തും ടെൻഡറില്ലാതെ ഇപ്പോഴും പ്രവൃത്തി നൽകുന്നു.

KAUMUDI SPECIAL

അമ്പലപ്പുഴ- തിരുവല്ല റോഡ് നിർമ്മാണത്തിനുള്ള കരാർ ടെൻഡറില്ലാതെ ഒരു അക്രഡിറ്റഡ് ഏജൻസിക്ക് നൽകിയതും വിവാദമായിരുന്നു.

കഴിഞ്ഞ യു.ഡി.എഫ് സർക്കാരും അവരുടെ കാലത്ത് ഇതേ സ്ഥാപനത്തിന് ടെൻഡറില്ലാതെ 977 കോടിയുടെ പ്രവൃത്തി നൽകിയിരുന്നു. ടൂറിസം വകുപ്പാകട്ടെ സ്വദേശി ദർശൻ പരിപാടിയുടെ ഭാഗമായി 78 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം സർക്കാർ ഉടമസ്ഥതയിലുള്ള രണ്ട് സ്ഥാപനങ്ങൾക്ക് വീതിച്ച നൽകിയതും ടെൻഡർ കൂടാതെയായിരുന്നു.

കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കിറ്റ്കോ, കേരള കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് കോർപറേഷൻ, കെ.എസ്.ഇ.ബി, നിർമ്മിതി കേന്ദ്ര, ഇൻകെൽ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി തുടങ്ങിയ 17 കമ്പനികളെയാണ് മുൻ യു.ഡി.എഫ് സർക്കാർ എംപാനൽ ചെയ്തത്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ ഉൾപ്പെടെ അക്രഡിറ്റഡ് ഏജൻസികളുടെ എണ്ണം ഇപ്പോൾ 33 ആയി.

ഈ സ്ഥാപനങ്ങളെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി നിയമിക്കുമ്പോഴും സുതാര്യമായ ടെൻഡർ നടപടികളിലൂടെ വേണം കരാറുകാരെ പ്രവൃത്തി ഏല്പിക്കേണ്ടതെന്ന് 2017 ജൂലായ് 25ന് ധനകാര്യവകുപ്പ് ഇറക്കിയ ഉത്തരവിൽ പറയുന്നുണ്ട്. ചെലവ് കുറഞ്ഞ കെട്ടിടങ്ങൾ നിർമ്മിക്കുന്ന നിർമ്മിതി കേന്ദ്ര, ഹാബിറ്റാറ്റ്, കോസ്റ്റ് ഫോർഡ്, ജില്ലാ നിർമ്മിതി കേന്ദ്ര തുടങ്ങിയവയെ മാത്രമാണ് ഇതിൽ നിന്നൊഴിവാക്കിയത്. എന്നാൽ ഇവർ ദേശീയ കെട്ടിട നിർമ്മാണ ചട്ടമനുസരിച്ച് തുക കുറച്ചാണ് കെട്ടിടം നിർമ്മിക്കുന്നതെന്നുറപ്പുവരുത്തണം.

പ്രവൃത്തി മറിച്ചുനൽകി ലാഭംകൊയ്യൽ

സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ മാത്രമല്ല സഹകരണ സ്ഥാപനങ്ങളെയും സ്വകാര്യ സ്ഥാപനങ്ങളെയും പോലെ പ്രവർത്തിക്കുന്നവയും അക്രഡിറ്റഡ് ഏജൻസികളിലുണ്ട്. ഇവയിൽ പലതും സർക്കാരിൽ നിന്ന് പ്രവൃത്തി ഏറ്റെടുത്ത ശേഷം ലാഭമെടുത്ത് മറ്റുള്ളവരെ പണി ഏല്പിക്കുകയാണ് പതിവ്. പ്രധാനമായും കെട്ടിട നിർമ്മാണവും പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ജോലികളുമാണ് ഇവരേറ്റെടുക്കുന്നത്. വൻകിട ഐ.ടി സ്ഥാപനങ്ങളെ സമീപിച്ച് പ്രവൃത്തി ഏറ്റെടുത്തശേഷം ഔട്ട്സോഴ്സ് ചെയ്യുന്നവരുമുണ്ട്.

പീഡനശ്രമത്തിനിടെ അറസ്റ്റ് സി.പി.എം ഏരിയാ സെക്രട്ടറിക്ക് സസ്പെൻഷൻ

തിരുവനന്തപുരം: ജോലി വാഗ്ദാനം ചെയ്ത് യുവതിയെ ഗോവയിലെ ലോഡ്ജിൽ കൊണ്ടുപോയി പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ അറസ്റ്റിലായ സി.പി.എം മംഗലപുരം ഏരിയാ സെക്രട്ടറിയും നഗരസഭാ മുൻ കൗൺസിലറുമായ കാട്ടായിക്കോണം വിനോദിനെ അന്വേഷണ വിധേയമായി പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്തു. മന്ത്രി കടകംപള്ളി സുരേന്ദ്രനും സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പനുമാണ് ഇക്കാര്യം അറിയിച്ചത്.

മർമ്മഗോവ വുഡ്‌ലാൻഡ് ഹോട്ടലിൽ നിന്നാണ് കഴിഞ്ഞ ദിവസം വിനോദിനെ പൊലീസ് പിടികൂടിയത്. രാത്രി മദ്യപിച്ചെത്തിയ വിനോദ് ബലം പ്രയോഗിച്ച് കീഴ്പ്പെടുത്താൻ ശ്രമിച്ചപ്പോൾ യുവതി ബഹളമുണ്ടാക്കി. ഹോട്ടൽ അധികൃതർ അറിയിച്ചതിനെത്തുടർന്ന് പൊലീസെത്തി അറസ്റ്റ് ചെയ്യുകയായിരുന്നു.

19 വരെ പാർട്ടിയിൽ നിന്ന് ലീവെടുത്താണ് ഇയാൾ ഗോവയ്ക്ക് പോയത്. പാർട്ടി സമ്മേളനങ്ങളുമായി ബന്ധപ്പെട്ട പണമിടപാടിലും ആരോപണം നേരിടുകയായിരുന്നു. വൈദ്യപരിശോധനയ്ക്ക് ശേഷം പ്രതിയെ റിമാൻഡ് ചെയ്തു.